(ഡി) ഈ മാനദണ്ഡം എല്ലാ വകുപ്പുകൾക്കും തസ്തികകൾക്കും ഒരുപോലെ ബാധകമാണോ ;

(ഇ) ആയുർവ്വേദ വകുപ്പിൽ ഈ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ വകുപ്പിൽ മെഡിക്കൽ ഓഫീസർമാരുടെ 211 ഒഴിവുകൾ ഉണ്ട്. ഇതിൽ 167 തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 44 ഒഴിവുകൾ കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

എസ്.ഐ.മാരുടെ റാങ്ക് ലിസ്റ്റ്

27 (1495) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ഐ. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ എത്രപേരുടെ ലിസ്റ്റ് ആണ് നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പോലീസിൽ എസ്.ഐ.മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; നിലവിലുള്ള ഒഴിവുകൾ മുഴുവൻ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) സംസ്ഥാന പോലീസ് സേനയിൽ 400 പേരെ ഉടൻ നിയമിക്കുമെന്ന് ബഡ്ജറ്റ് അവതരണ വേളയിൽ പറഞ്ഞിരുന്നുവോ ; എങ്കിൽ ഇതനുസരിച്ച് നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) സംസ്ഥാന പോലീസ് സേനയിൽ എസ്.ഐ.മാരുടെ നിലവിലുള്ള ഒഴിവുകൾ മുഴുവൻ നികത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) നിലവിലുള്ള ലിസ്റ്റിൽ 591 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 1996-97 കാലത്ത് 372 ഒഴിവുകൾ ഉണ്ടായിരുന്നത് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തു. അതിനുശേഷമുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി വരുന്നു.

(ഡി) പറഞ്ഞിരുന്നു. 372 പേരുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. ഒരു ബാച്ചിന്റെ ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ ട്രെയിനിംഗ് ഉടനെ ആരംഭിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly